**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5813

02.07.2014-ലെ മറുപടിയ്ക്ക്

**കേന്ദ്രസഹായത്തോടുകൂടിയ മെഗാ ടൂറിസം പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എം.തോമസ് ഐസക്<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.എസ്.രാജേന്ദ്രൻ | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ പ്രഖ്യാപിച്ച കേന്ദ്രസഹായത്തോടുകൂടിയ മെഗാ ടൂറിസം പദ്ധതികൾ ഏതൊക്കെയായിരുന്നു; അവയിൽ നടപ്പിലാക്കിയവ ഏതൊക്കെ;<br>(ബി) ആലപ്പുഴ, വയനാട് ജില്ലകളിൽ മെഗാ ടൂറിസം പ്രോജക്ട് പ്രഖ്യാപിച്ചിരുന്നോ; | (എ) യും (ബി)യും<br>31.03.2013ൽ കേന്ദ്രാനുമതി ലഭിച്ച ആലപ്പുഴ ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നു. |
| (സി) പ്രസ്തുത പ്രോജക്ടുകളുടെ വിശദാംശം അറിയിക്കാമോ; അവയുടെ നിലവിലെ സ്ഥിതി യെന്താണ്; | (സി) പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ ആലപ്പുഴ ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ 47.62 കോടി രൂപയുടെ സാമ്പത്തിക സഹായവും പുറമേ 4.63 കോടി രൂപയുടെ സംസ്ഥാന വിഹിതവും ഉൾപ്പെടെ 52.25 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വാടായിക്കനാൽ, വാണിജ്യ കനാൽ ഭാഗം എന്നിവയുടെ പുതുക്കി പണി, ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം, അരൂക്കുറ്റി, തണ്ണീർ മുക്കം, പള്ളാത്തുരുത്തി, |

നെടുമുടി, കഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിൽ ബോട്ട് ടെർമിനൽ വട്ടക്കായൽ, കരുമാടി വിളക്കുമരം, എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കുതിരവട്ടം ചിറ എന്നിവിടങ്ങളിൽ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങിയ നിരവധി പ്രവൃത്തികളുണ്ട്. കൂടാതെ ആലപ്പുഴ കായലിൽ ഉണ്ടായി ക്കൊണ്ടിരിക്കുന്ന ബോട്ടപകടങ്ങൾ കണക്കിലെടുത്ത് അവിടെ അത്യാവശ്യ മായി ടൂറിസ്റ്റുകൾ ക്കുണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കും മുൻഗണന നൽകി യിട്ടുണ്ട്.

കേരള ഇറിഗേഷൻ ഇൻഫ്രാ സ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പ റേഷൻ, കിറ്റ്കോ എന്നീ നിർവ്വഹണ ഏജൻസികൾ മുഖേന ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.

(ഡി) ഇവയോരോന്നുംഎന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യ മിട്ടിരിക്കുന്നത്; ഓരോന്നിനുമായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചെന്നും അറിയിക്കാമോ?

(ഡി) 2013ൽ ഭരണാനുമതി നൽകിയ ആലപ്പുഴ ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി 3 വർഷം കൊണ്ട് പൂർത്തീകരി ക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികൾക്കായി സംസ്ഥാന സർക്കാ രിന്റെ ധനസഹായം ലഭ്യമാക്കു ന്നതിലേക്കായി 2014-15 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ "3452-80-800-76 infrastructure facilities and

matching grants for schemes sponsored by Government of India" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ഈ പദ്ധതിയ്ക്കായി റിലീസ് ചെയ്ത 9.52 കോടി രൂപയിൽ സംസ്ഥാന സർക്കാർ 2013-14 സാമ്പത്തിക വർഷത്തിൽ SDG മുഖേന അനുവദിച്ച 60 ലക്ഷം രൂപ പ്രസ്തുത പദ്ധതിയ്ക്ക് ചെലവഴിച്ചതിന് പുറമേ സംസ്ഥാന സർക്കാർ 316.2 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി ഇതുവരെ ചെലവഴി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ